# വാർത്തകൾ/അറിയിപ്പുകൾ

## നോവിഷ്യേറ്റ് പ്രവേശനം

2013 ഡിസംബർ 20-ാം തീയതി നമ്മുടെ നാല് ബ്രദേഴ്സ് നവസന്യാസപരിശീലനം ആരംഭിച്ചു. അന്നേദിവസം വിശുദ്ധ കുർബാനയ്ക്കും ശുശ്രൂഷയ്ക്കും ബഹു. ഫാ. ബർണാർഡ് കുന്നിപ്പറമ്പിൽ ഒ.ഐ.സി. പ്രധാന കാർമ്മികത്വം വഹിച്ചു. നോവിഷ്യേറ്റിൽ പ്രവേശിച്ചവർ: 1. അലക്സ് പെല്ലിശ്ശേരി (നവജ്യോതി പ്രോവിൻസ്) 2. ജിജോ ബെഞ്ചമിൻ (നവജീവൻ പ്രോവിൻസ്) 3. ജിത്തു എസ്. രാജൻ (നവജീവൻ പ്രോവിൻസ്) 4. ഷൈൻ കെ. എം. (നവജ്യോതി പ്രോവിൻസ്). നവസന്യാസപരിശീലനം തുടങ്ങിയ ബ്രദേഴ്സിന് പ്രാർത്ഥനാശംസകൾ.

## വ്രതവാഗ്ദാനം

2014 ജനുവരി 21-ാം തീയതി നവജ്യോതി പ്രോവിൻസിൽപെട്ട ബ്രദർ ഡേവിഡ് സി. പി., അനീഷ് എൻ. പി. എന്നിവർ അവരുടെ ആദ്യവ്രതവാഗ്ദാനം ആലുവാ നവസന്യാസഭവനത്തിൽ വച്ച് നടത്തുകയുണ്ടായി. പ്രസ്തുത ശുശ്രൂഷയ്ക്ക് ബഹു. ഫാ. ബർണാർഡ് കുന്നിപ്പറമ്പിൽ ഒ.ഐ.സി. പ്രധാന കാർമ്മികത്വം വഹിച്ചു. ബഹു. നവജ്യോതി പ്രോവിൻഷ്യൽ ഫാ. മത്തായി കടവിൽ ഒ.ഐ.സി., ബഹു. ഫാ. ജോൺ നെല്ലിവിള (പുത്തൂർ ഭദ്രാസനം) എന്നിവർ സഹകാർമ്മികരായിരുന്നു. ആദ്യവ്രതവാഗ്ദാനം ചെയ്ത ബഹു. ബ്രദേഴ്സിന് അനുമോദനങ്ങളും പ്രാർത്ഥനാശംസകളും.

## റിഫ്രഷർ കോഴ്സ്

2014 മാർച്ച് 19, 20 തീയതികളിൽ മാവേലിക്കര ബഥനി ആശ്രമം ജീവാരാമിൽ (മാർ ഈവാനിയോസ് ആനിമേഷൻ സെന്റർ) വച്ച് നമ്മുടെ യുവവൈദികരുടെ റിഫ്രഷർ കോഴ്സ് നടത്തുകയുണ്ടായി. ആദ്യദിവസം സുപ്പീര്യർ ജനറൽ ബഹു. ഫാ. മരിയദാസ് ഒ.ഐ.സി "Mission of Bethany" എന്ന വിഷയത്തെക്കുറിച്ചും ബഹു. ആന്റോ ചെറാൻതുരുത്തി (പ്രൊഫ. സെന്റ് തോമസ് അപ്പസ്തോലിക് സെമിനാരി, വടവാതൂർ) "Fidei Gentium" (Light of Hope) എന്ന പരി. ഫ്രാൻസിസ് മാർപാപ്പയുടെ ചാക്രികലേഖനത്തെ ആസ്പദമാക്കിയും ക്ലാസ്സുകൾ എടുത്തു. പ്രസ്തുത റിഫ്രഷർ കോഴ്സിൽ 20 യുവവൈദികർ പങ്കെടുത്തു.

## വെബ്സൈറ്റ്

ബഥനി ആശ്രമത്തിന്റെ പൊതുവായ വെബ്സെറ്റ് ഉദ്ഘാടനം (Launching) ചെയ്യുന്നതിനുമുമ്പ് വെബ്സൈറ്റ് അഡ്രസ്സ് അറിയിക്കുന്നു:

www.bethanyashram.com ആവശ്യമായ നിർദ്ദേശങ്ങളും അഭിപ്രായ ങ്ങളും വെബ്സൈറ്റ് പൂർത്തീകരിക്കുന്നതിനുമുമ്പ് സ്വാഗതം ചെയ്യുന്നു. എത്രയും വേഗം വെബ് സൈറ്റിന്റെ പണി പൂർത്തീകരിക്കുന്നതാണ്. ഇതിനോടൊപ്പം ഒരു അഭ്യർത്ഥന കൂടി വയ്ക്കുന്നു: നമ്മുടെ രണ്ട് പ്രൊവിൻസുകളിലെ ആശ്രമങ്ങളുടെയും സ്ഥാപനങ്ങളുടെയും വാർത്തകൾ അതാത് പ്രൊവിൻസിൽപ്പെട്ട പ്രൊവിൻഷ്യൽ സെക്രട്ടറി മാർക്ക് അതാത് ആശ്രമങ്ങളിലെ ബന്ധപ്പെട്ടവർ അയച്ചുകൊടുക്കുക യാണെങ്കിൽ അവ ഒരുമിച്ച് oic.infonews@gmail.com; antonycpoic@gmail.com എന്നീ ഇ-മെയിൽ ID കളിൽ പ്രൊവിൻഷ്യൽ സെക്രട്ടറിമാർക്ക് അയച്ചു തരാൻ സാധിക്കും.

## എത്യോപ്യയിലെ നമ്മുടെ പ്രേഷിതപ്രവർത്തനം

എത്യോപ്യയിലെ എംഡിബിറിൽ (Emdibir) റീജൻസി നടത്തിയ ബ്രദേഴ്സ് ബോണിഫസും ജോഷ്വായും അവരുടെ റീജൻസി പൂർത്തി യാക്കി അതാത് പ്രൊവിൻസുകളിലേക്ക് 2014 മാർച്ച് 28-ാം തീയതി തിരികെ എത്തി. ഇരു പ്രൊവിൻസുകൾക്കും ബ്രദേഴ്സിനും നന്ദി. അവരുടെ തുടർപഠനങ്ങൾക്ക് ഭാവുകങ്ങൾ!

ഗോറു (Goru) എന്ന സ്ഥലത്ത് പുതുതായി പണികഴിപ്പിക്കുന്ന ബഥനി ആശ്രമ (Gedam) ത്തിന്റെ പണി ആദ്യഘട്ടം ഏതാണ്ട് പൂർത്തി യായി. (സുപ്പീരിയർ ജനറലിന്റെ കത്ത് SGL 15; Nov. 27/2013 വായിക്കുക). സമൂഹാദ്ധ്യക്ഷന്റെ എത്യോപ്യയിലെ കാനോനിക സന്ദർശനവേളയിൽ 2014 ഫെബ്രുവരി 9-ാം തീയതി കൂദാശ ചെയ്ത് സൂർ ദയറ ആയി പ്രഖ്യാപിച്ചു. ഏകദേശം 70 ആളുകൾ ചടങ്ങിൽ പങ്കെടുത്തു. ബഹു. ദാനിയേൽ മണ്ണിൽ അച്ചനെ ആദ്യസുപ്പീര്യറായി നിയമിച്ചു. കൂദാശ ദിവസം എംഡിബിർ ബിഷപ്പ് ഇപ്രകാരം പറഞ്ഞു: “The Ashram we inaugurated in Goru represents the very first Ashram of Oriental inspiration in the country as all religious congregations present in Ethiopia are of Western Inspiration”. (എത്യോപ്യയിലെ എല്ലാ സന്യാസസമൂഹങ്ങളും പാശ്ചാ ത്യരുടെ പ്രചോദനത്താൽ സ്ഥാപിതമായെങ്കിൽ, ഗോറുവിൽ ഉദ്ഘാടനം ചെയ്യപ്പെട്ട ആശ്രമം പൗരസ്ത്യപ്രചോദനത്താൽ രൂപീകൃതമായ ആദ്യ ആശ്രമത്തെ പ്രതിനിധാനം ചെയ്യുന്നു.) Galiye Rogda എന്ന മിഷൻ സ്റ്റേഷനിൽ ജോലി ചെയ്യുന്ന സന്ന്യസ്തരുടെ ചാപ്ളെയിനായും Galiye Rogda-യിലെയും അതിന്റെ പ്രാന്തപ്രദേശങ്ങളിലെയും അജപാലന പരിചരണത്തിനും സുവിശേഷവത്കരണത്തിനുമുള്ള ഇടവക

വൈദിക സഹായിയായും ദാനിയേൽ അച്ചനെ നിയോഗിച്ചിരിക്കുന്നു. ദാനിയേൽ മണ്ണിൽ അച്ചന് അഭിനന്ദനങ്ങളും പ്രാർത്ഥനാശംസകളും.

ജനറൽ കൗൺസിൽ തീരുമാനപ്രകാരം, എംഡിബിർ ബഥനി ആശ്രമ സുപ്പീര്യറായ ബഹു. ഏബ്രഹാം നോർട്ടൻ അച്ചനെ എത്യോപ്യയിലെ ബഥനി മിഷന്റെ ആദ്യ മിഷൻ സുപ്പീര്യറായി നിയമിച്ചു.

**കാനോനിക സന്ദർശനം**

എത്യോപ്യയിലെയും (2014 ഫെബ്രുവരി 2-15) ഉത്തരേന്ത്യയിലെയും പൂനയിലെയും (2014 ഫെബ്രുവരി 19 -മാർച്ച് 17) നമ്മുടെ ആശ്രമങ്ങളും സ്ഥാപനങ്ങളും സന്ദർശിച്ചശേഷം പെരി. ബഹു. ജനറാളച്ചൻ 2014 മാർച്ച് 17-ാം തീയതി ജനറലേറ്റിൽ മടങ്ങി എത്തി.

**വാർഷികധ്യാനം**

നമ്മുടെ സമൂഹാംഗങ്ങൾക്കായുള്ള വാർഷികധ്യാനം മെയ് 4-ാം തീയതിയിലെ രാത്രി പ്രാർത്ഥന യോടെ ആരംഭിക്കുന്നു. 9-ാം തീയതി ഉച്ചഭക്ഷണത്തോടുകൂടി ധ്യാനം സമാപിക്കുന്നു. 2014 ഏപ്രിൽ 30-നുമുമ്പ് ധ്യാനത്തിൽ പങ്കെടുക്കുന്നവരുടെ പേരുവിവരം ബഹു. ആന്റണി കല്ലിൽ അച്ചനെയോ ബഹു. വർഗീസ് മുളവേലിൽ അച്ചനെയോ ബഹു. മാർട്ടിൻ പ്രേമാനന്ദ് അച്ചനെയോ അറിയിക്കേണ്ടതാണ്.

**പൂനാ ബഥനി ആശ്രമവാർത്തകൾ**

പൂനാ ആശ്രമത്തിൽ നമ്മുടെ ബ്രദേഴ്സിനായി പണി കഴിപ്പിച്ച പുതിയ കെട്ടിടത്തിന്റെ കൂദാശ 2014 ഫെബ്രുവരി 28-ാം തീയതി ബഹു. ജനറലാളച്ചന്റെ കാർമ്മികത്വത്തിൽ നിർവഹിച്ചു. പഴയ കെട്ടിടത്തിന്റെ അറ്റുകുറ്റപണികൾ ഏതാണ്ട് പൂർത്തീയായി.

പൂനാ വേദവിജ്ഞാനപീഠത്തിൽ ആദ്ധ്യാത്മിക ഗുരുവായിരുന്ന ബഹു. ബർക്കുമാൻസ് അച്ചനും പ്രൊക്യുറേറ്റർ ആയിരുന്ന ബഹു. ജോൺ തുണ്ടിയത്ത് അച്ചനും അവിടെ നിന്ന് വിരമിച്ച് അവരവരുടെ പ്രൊവിൻസുകളിലെ ശുശ്രൂഷയ്ക്കായി നിയമിതരായി. പുതിയ പ്രൊക്യുറേറ്ററായി 2014 മെയ് മുതൽ ബഹു. സജി സൈമൺ വിളാത്തിവിള അച്ചൻ നിയമിതനായി. ബർക്കുമാൻസ് അച്ചൻ, ജോൺ അച്ചൻ എന്നിവർക്ക് നന്ദി അറിയിക്കുന്നു; പുതുതായി ചുമതല ഏറ്റെടുത്ത സജി അച്ചന് എല്ലാ നന്മകളും പ്രാർത്ഥനയും നേരുന്നു.

**ദൈവശാസ്ത്രപഠനം**

ഉത്തരേന്ത്യയിൽ പഠിക്കുന്ന നമ്മുടെ ബ്രദേഴ്സിനുവേണ്ടി ആലുവാ തപോവനത്തിൽ 2014 ജൂൺ മാസം 2–ാം തീയതി മുതൽ 11–ാം തീയതി വരെ പൗരസ്ത്യ ദൈവശാസ്ത്ര ക്ലാസ്സുകൾ ക്രമീകരിച്ചിരിക്കുന്നു. ഇത് എല്ലാ വർഷവും ജൂൺ മാസത്തിൽ ഉണ്ടായിരിക്കും. BVP-യിൽ നിന്ന് അവർക്ക് ലഭിക്കാതെ പോകുന്ന ക്ലാസ്സുകളുടെ കുറവ് ഇപ്രകാരം പരിഹരിക്കാം എന്ന് പ്രതീക്ഷിക്കുന്നു.

**ആശംസകൾ, അനുമോദനങ്ങൾ**

ബഹു. മാത്യു മണലുവിള അച്ചന് അസമിലെ ഡോൺ ബോസ്കോ യൂണിവേഴ്സിറ്റിയിൽ പി.എച്ച്.ഡി. പഠനത്തിന് അഡ്മിഷൻ കിട്ടി. ബഹു. അച്ചന് എല്ലാ ഭാവുകങ്ങളും!

ബഹു. ബ്രദർ വർഗീസ് പുത്തൻവീട്ടിൽ (മനു) ബാംഗ്ലൂർ ക്രൈസ്റ്റ് യൂണിവേഴ്സിറ്റിയിൽ നിന്ന് തത്വശാസ്ത്രത്തിൽ ഒന്നാം റാങ്ക് കരസ്ഥമാക്കി. ബ്രദറിന് അനുമോദനാശംസകൾ!

# Vacation Programme for our Brothers- 2014

**MAY**

| | | |
|---|---|---|
| 05 Monday | : | Aspirants reach Thapovanam |
| 14 Wednesday | : | Retreat for Aspirants |
| 17 Saturday | : | Entry in to Pre- Novitiate |
| 10. 05. 2014(Sat) to 17. 05. 2014 (Sat) | : | Intensive Preparation for Final Profession |
| 19. 05. 2014(Mon) | : | Brothers come to Jeevaram (by 6 pm) ; Regents Meet |
| 20. 05. 2014 Morning | : | Picnic for Regents |
| 20. 05. 2014(Tues) | : | Evening to 24. 05. 2014(Sat) Retreat |
| 25. 05. 2014 Sunday 6 p.m. | : | Final Profession |
| 26. 05. 2014 | : | Brothers going to Respective Provinces |
| | : | (Minor Orders according to the convenience of the Provinces) |
| 31. 05. 2014 | : | Brothers leave for Pune |
| 01.06.2014 | : | Theologians from North Indian Seminaries reach Aluva Thapovanam Ashram |